**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3328 — 14.03.2018 ൽ മറുപടിക്ക്

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കാത്ത് ലാബ്

| ചോദ്യം<br>ശ്രീ.കെ. ആൻസലൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതു വർഷത്തിൽ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ ഒരു ജില്ലയിൽ ഒരു കാത്ത് ലാബ് ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് സംവിധാനം നിലവിലുണ്ട്. ആയതിനാൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് അനുവദിച്ചിട്ടില്ല. |
| (ബി) | 2017-18-ൽ ഏതെല്ലാം ആശുപത്രികളിലാണ് കാത്ത് ലാബ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 2017-18 ലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മാനന്തവാടി ജനറൽ ആശുപത്രിയിലും ഇതുകൂടാതെ കിഫ്ബി പദ്ധതി മുഖേന താഴെപ്പറയുന്ന ആശുപത്രികളിൽ കാത്ത് ലാബ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>ജില്ലാ ആശുപത്രി, കൊല്ലം.<br>ജനറൽ ആശുപത്രി, പത്തനംതിട്ട.<br>ജനറൽ ആശപത്രി, ആലപ്പുഴ.<br>താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കാഞ്ഞിരപ്പള്ളി.<br>ജനറൽ ആശുപത്രി, തൃശ്ശൂർ.<br>ജില്ലാ ആശുപത്രി, തിരൂർ.<br>ജില്ലാ ആശുപത്രി, കണ്ണൂർ.<br>ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്. |
| (സി) | കാത്ത് ലാബ് ആരംഭിക്കുന്നതിനായി ഓരോ ആശുപത്രിയിലും എത്ര കോടി രൂപ ആണ് അനുവദിച്ചതെന്ന് വിശദീകരിക്കാമോ; | (സി) | കാത്ത് ലാബ് ആരംഭിക്കുന്നതിനായി 2016-17 വാർഷിക പദ്ധതിയിൽ 1100 ലക്ഷം രൂപ കോഴിക്കോട് ജനറൽ ആശുപത്രിക്കും 2017-18 വാർഷിക പദ്ധതിയിൽ 823.422 ലക്ഷം രൂപ മാനന്തവാടി ജില്ലാ ആശുപത്രിക്കും 376.58 ലക്ഷം രൂപ അടിമാലി താലൂക്ക് |

| | | | |
|---|---|---|---|
| | | | ആശുപത്രിയിൽ കാർഡിയോളജി ഐ.സി.യൂണിറ്റിനു വേണ്ടി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം പുരോഗമിച്ചു വരുന്നു. |
| (ഡി) | ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ; | (ഡി) | ഒരു ജില്ലയിൽ ഒരു കാത്ത് ലാബ് ആരംഭിക്കുക എന്നതാണ് നിലവിലെ മാനദണ്ഡം. |
| (ഇ) | 2018-19-സാമ്പത്തിക വർഷത്തിൽ ഏതൊക്കെ സ്ഥലത്താണ് കാത്ത് ലാബ് ആരംഭിക്കുന്നത്; അതിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രി ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഇ) | 2018-19 സാമ്പത്തിക വർഷത്തിൽ കാത്ത് ലാബ് ഐ.സി.യു.സ്ഥാപിക്കുന്നതിന് 1,300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ജനറൽ ആശുപത്രി എറണാകുളം, ജനറൽ ആശുപത്രി തിരുവനന്തപുരം, ജില്ലാ ആശുപത്രി കൊല്ലം എന്നിവിടങ്ങളിൽ അധിക സൗകര്യം ഏർപ്പെടുത്തുന്നതിന് ടി തുക വകയിരുത്തിയിരിക്കുന്നു. ഇതിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രി ഉൾപ്പെടുന്നില്ല. |

സെക്ഷൻ ഓഫീസർ